വിഷൻ 2052

The Malankara
ORTHODOX SYRIAN CHURCH

2052 ലെ നമ്മുടെ സഭ

മാർത്തോമ്മാ ശ്ലീഹായുടെ ഭാരത ആഗമനത്തിന്റെ രണ്ടായിരം വാർഷികം 2052 ൽ നാം ആചരിക്കുന്നതിന്റെ ഭാഗമായി അവതരിപ്പിക്കുന്ന കർമ്മ പദ്ധതി രേഖയാണ് വിഷൻ 2052.

മാറുന്ന സാഹചര്യങ്ങളെ ഗൗരവമായി എടുത്ത് ശ്രദ്ധാപൂർവ്വം ചുവടുകൾ വെക്കുവാൻ നാം തയ്യാറാകുന്നതിന്റെ ഭാഗമായി 12 ഇന കർമ്മപരിപാടികൾ സഭ മാനേജിംഗ് കമ്മറ്റിയുടെ ചർച്ചയ്ക്കായും അംഗീകാരത്തിനുമായി അവതരിപ്പിക്കുന്നു.



The Malankara
ORTHODOX SYRIAN CHURCH

2052 ലെ നമ്മുടെ രാജ്യം

1.67 ബില്യൺ ജനസംഖ്യയോടുകൂടി ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യ സാന്ദ്രത പ്രദേശമായി ഭാരതം മാറ്റപ്പെടും.

ലോക സാമ്പത്തിക മണ്ഡലത്തിലെ മൂന്നാം ശക്തിയായി നമ്മുടെ രാജ്യം ഉയർത്തപ്പെടും.

ഗ്രാമീണ സംസ്ക്കാരത്തിൽ നിന്നും നാഗരീക സംസക്കാരത്തിലേക്ക് 67 ശതമാനം ആളുകളും മാറ്റപ്പെടും.

The Malankara
ORTHODOX SYRIAN CHURCH

2052 ലെ നമ്മുടെ സഭ

സഭാംഗങ്ങളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന കുടിയേറ്റ പ്രവണതയുടെയും കുടംബജീവിത ശൈലികളുടെയും മറ്റ് ഇതര വെല്ലുവിളികളുടെയും സ്വാധീനത്താൽ സഭാംഗംങ്ങളുടെ എണ്ണത്തിൽ കാര്യമായ കുറവ് ഉണ്ടാകാം എന്ന് പ്രവചിക്കപ്പെടുന്നു.

The Malankara
ORTHODOX SYRIAN CHURCH

വെല്ലുവിളികൾ

1. നവമാധ്യമ സാങ്കേതിക വിദ്യകളുടെ അമിതമായ സ്വാധീനം.

2. മത സങ്കുചിത ശക്തികൾ ഉയർത്തുന്ന ഭീഷണികളും വെല്ലുവിളികളും.

3. യൗവ്വനക്കാരുടെ ഇടയിൽ വർദ്ധിച്ചു വരുന്ന സഭാ ജീവിതത്തോടുള്ള താല്പര്യക്കുറവ്.

4. വൃദ്ധജനങ്ങളുടെ വർദ്ധനവ്.

5. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചു വരുന്ന സഭാംഗങ്ങളുടെ കുടിയേറ്റം.

The Malankara
ORTHODOX SYRIAN CHURCH

നിർണ്ണായകമായ മാറ്റങ്ങളും വെല്ലുവിളികളും

1. ജനാധിപത്യത്തിനുവേണ്ടിയുള്ള ശബ്ദവും പൗരോഹിത്യമേധാവിത്യത്തോടുള്ള വെല്ലുവിളികളും.
2. പരമ്പരാഗതമായ വിശ്വാസ രീതികളെ വെല്ലുവിളിക്കുന്ന ഉത്തര ആധുനിക ശൈലികൾ.
3. കേന്ദ്രീകൃത അധികാരത്തിന് എതിരയുള്ള ശബ്ദവും അധികാരവികേന്ദ്രീകരണത്തിനായുള്ള മുറവിളികളും.

-

The Malankara
ORTHODOX SYRIAN CHURCH

12 ഇന കർമ്മ പദ്ധതികൾ

1

സഭയുടെ കാഴ്ചപ്പാടുകളും നിലപാടുകളും വ്യക്തമാക്കുക

1. ഈ സഹസ്രാബ്ദത്തിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ നിലപാടുകളുടെയും കാഴ്ചപ്പാടുകളുടെയും ദർശന രേഖകളും (Vision Statement), ദൗത്യരേഖകളും (Mission Statement) തയ്യാർ ചെയ്യുക.
2. വരുന്ന 30 വർഷങ്ങളെ 5 വർഷം വീതമുള്ള 6 പഞ്ചവത്സരങ്ങളായി പരിഗണിച്ച് സഭയുടെ വളർച്ചയ്ക്ക് അനിവാര്യമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുക.
3. സമഗ്രവും ക്രിയാത്മകവുമായ കർമ്മ പദ്ധതികളുടെ സൂക്ഷ്മവും മികവുറ്റതുമായ ആവിഷ്ക്കാരം

അന്തർദേശീയവും ദേശീയവുമായ തലങ്ങളിൽ ഓർത്തഡോക്സിയേപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുക.

1. സഭയുടെ പൊതു സമ്പർക്ക പദ്ധതികൾ (പി. ആർ റിലേഷൻസ്) സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ക്രിയാത്മകമാക്കുക
2. സഭയുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുക
3. അന്തർദേശീയ ഇടങ്ങളിൽ സംവാദങ്ങൾ, സമ്മേളനങ്ങൾ എന്നിവ ഓർത്തഡോക്സിയെ പരിചയപ്പെടുത്തുവാൻ ക്രമീകരിക്കുക.
4. നവ മാധ്യമ സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം
5. ദേശീയ സഭ എന്ന കാഴ്ചപാടിന്റെ ഫലപ്രദമായ പങ്കുവെക്കൽ
6. ദേശീയ അന്തർദേശീയ ഇടങ്ങളിൽ സഭയുടെ ശക്തമായ സാന്നിദ്ധ്യം അറിയിക്കുക.
7. പൗരസ്ത്യ സഭകളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെടുവാൻ സഹായിക്കുന്ന എക്യുമെനിക്കൽ റിലേഷൻസ് ശക്തീകരിക്കുക.
8. സഭയുടെ പൗരാണികത്വവും ചരിത്രവും വെളിപ്പെടുത്തുവാൻ സഹായിക്കുന്ന ആധുനിക ശൈലിയിലുള്ള മ്യൂസിയത്തിന്റെ നിർമ്മാണം.

3
കൗദാശീയ - ആരാധന ജീവിതത്തിന്റെ ശക്തീകരണം

1. ആരാധനയിൽ കുറഞ്ഞു വരുന്ന ജനപങ്കാളിത്തം കണക്കിലെടുത്ത് അടിയന്തിര ഇടപെടലുകൾ ഉറപ്പാക്കുക
2. യുവജനങ്ങളുടെ ഇടയിൽ ആരാധന കൗദാശീക ജീവിതത്തെപ്പറ്റിയുള്ള ബോധവത്ക്കരണം പ്രതിജ്ഞാബന്ധമായി നടപ്പാക്കുക.
3. ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന തീവ്രമായ കർമ്മ പദ്ധതികളുടെ ഭാഗമായി എല്ലാ ഇടവകകളിലും, എല്ലാ ഞായറാഴ്ചയും ആരാധന പഠനം നിർവ്വഹിക്കുക.
4. ആരാധന ക്രമങ്ങളുടെ തദ്ദേശിയമായ ഭാഷയിലേയ്ക്കുള്ള മൊഴിമാറ്റം എത്രയും വേഗം നിർവ്വഹിക്കുക.
5. സഭയുടെ പൗരസ്ത്യമായ ആരാധന ശൈലികൾ സംരക്ഷിക്കുക.

The Malankara
ORTHODOX SYRIAN CHURCH

4

ഭദ്രാസനതല പ്രവർത്തനങ്ങളുടെ ശക്തീകരണം

സഭയുടെ പ്രവർത്തനങ്ങലുടെ പ്രധാന ചാലകശക്തി ഭദ്രാസനങ്ങളാണ്. ഭദ്രാസനതല പ്രവർത്തനങ്ങൾ മികവുറ്റതാക്കുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടു. കേന്ദ്ര ഭദ്രാസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള നൂതന കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുക. മിഷൻ 2052-ന്റെ വിവിധ കർമ്മപദ്ധതികളുടെ ചുമതല ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ ചുമതലയിൽ നിർവ്വഹിക്കുക.

The Malankara
ORTHODOX SYRIAN CHURCH

5
സെമിനാരി അനന്തര വൈദിക പരിശീലനം

1. വൈദിക സെമിനാരി പഠനത്തിന് ശേഷമുള്ള വൈദികരുടെ തുടർ പഠനം നിർബന്ധമാക്കുക.
2. സെമിനാരി സിലബസ് കാലഘട്ടത്തിന് അനുസരിച്ച പരിഷ്ക്കരിക്കുക
3. സെമിനാരി പാഠ്യ പദ്ധതിയിൽ സാമ്പത്തിക ക്രമീകരണം, ബാലൻസ് ഷീറ്റ് തയ്യാറാക്കൽ, സ്വത്ത് പരിപാലനം, പൊതു വിഷയങ്ങൾ, സാമൂഹിക ഇടപെടലുകൾ എന്നിവയെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തുക.
4. ഇടവകയിതര ദൗത്യ ഇടങ്ങൾ കണ്ടെത്തി പ്രാപ്തരായ വൈദികരെ പരിശീലിപ്പിക്കുക.

6
യുവത

സഭാ വിശ്വാസത്തിൽ യുവതയെ ഉറപ്പിച്ചു നിറുത്തിനുള്ള തീവ്ര കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുക.

1. വ്യക്തിത്വ വികസനത്തിന് പ്രാമുഖ്യം നൽകുക.
2. യുവാക്കുളുടെ ഇടയിൽ പ്രവർത്തിക്കുന്ന എം. ജി. ഓ. സി. എസ്. എം, സണ്ടേസ്കൂൾ, യൂത്ത് എന്നിവയുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ ഉണ്ടാവുക.
3. ജോബ് പോർട്ടൽ, മാര്യേജ് പോർട്ടൽ
4. ലഹരിക്കെതിരെയുള്ള പോരാട്ടങ്ങൾ
5. മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർക്കായി പ്രത്യേക ശുശ്രൂഷ കരുതൽ.
6. സ്വാന്തന പരിപാലന പരിപാടികൾ ശക്തീകരിക്കുക.
7. വിവാഹ പൂർവ്വ, വിവാഹാനന്തര കൗൺസിലിംഗ് പദ്ധതികൾ ആവിഷ്ക്കരിക്കുക.

7

സ്ത്രീ ശാക്തീകരണം

മലങ്കര സഭയിലെ സ്ത്രീജനങ്ങളുടെ പങ്കാളിത്തം സഭയുടെ വിവിധ കർമ്മ മണ്ഡലങ്ങളിൽ ഉറപ്പാക്കുന്നതിന് അനിവാര്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

1. സ്ത്രീകളുടെ ഇടവക, ഭദ്രാസന, സഭാ ശുശ്രൂഷ പങ്കാളിത്തം വിപുലമാക്കുക.
2. നിശ്ചിത ശതമാന അവസരങ്ങൾ സ്ത്രീകൾക്ക് ഭദ്രാസന കൗൺസിൽ, സഭാ മാനേജിംഗ് കമ്മറ്റി, മലങ്കര അസോസിയേഷൻ എന്നിവയിൽ നിശ്ചയിക്കുക.
3. സഭാ വക സ്ഥാപനങ്ങളിൽ സ്ത്രീ നേതൃത്വം ശക്തീകരിക്കുക.
4. ലിംഗ വിവേചന വിഷയങ്ങളെ അഭിമുഖീകരിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

8
സാമൂഹിക ധാർമ്മീക ഇടപെടലുകൾ



1. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ മികവുറ്റ ഇടപെടലുകൾ
2. ഭവന രഹിതർ ഇല്ലാത്ത സഭ എന്ന സ്വപ്നം
3. വാർദ്ധക്യ സംരക്ഷണ പരിപാലന പദ്ധതികൾ
4. കുടുംബശ്രീ പോലുള്ള സ്വയം പര്യാപ്ത സംഘങ്ങളുടെ ആവിഷ്ക്കരണം.







The Malankara
ORTHODOX SYRIAN CHURCH

9
സഭാ സ്ഥാപനങ്ങളുടെ പ്രവർത്തനവും സുതാര്യതയും ഉറപ്പാക്കുക

1. സഭയുടെ എല്ലാ സ്ഥാപനങ്ങളിലും വർഷത്തിൽ ഒരിക്കൽ ഇൻസ്റ്റിറ്റ്യൂഷണൽ ഓഡിറ്റ് നിർബന്ധമാക്കുക.
2. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിശദമായി വിശകലനം ചെയ്യുക.
3. വ്യക്തമായ പ്രവർത്തന രൂപരേഖ തയ്യാർ ചെയ്ത് അംഗീകാരം വാങ്ങിക്കുക.
4. പ്രശ്ന പരിഹാരം വ്യക്തവും നീതി യുക്തവും സുതാര്യവും ആക്കുക.
5. ലാഭവിഹിതം സഭയുടെ സാമൂഹിക ക്ഷേമ പദ്ധതികൾക്കായി നൽകുക.
6. വൈദികരുടെ വർഷാന്ത്യ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഭദ്രാസന മെത്രാപ്പോലീത്താ വർഷത്തിലൊരിക്കൽ നിർബന്ധമായും ഓഡിറ്റിന് വിധേയമാക്കുക.
7. സഭാ വക സ്ഥാപനങ്ങളുടെ ഉയർച്ചയുടെയും വീഴ്ചയുടെയും പൂർണ്ണമായ ഉത്തരവാദിത്വം സഭാ മേധാവികൾക്ക് ആയിരിക്കണം.

10
കാതോലിക്കേറ്റ് ഓഫീസിന്റെ ആധുനികവത്ക്കരണം

1. ഡിജിറ്റലൈസേഷൻ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുക
2. മികവുള്ള എം. ബി. എ ബിരുദധാരികളെ ഓഫീസ് മാനേജ്മെന്റിനായി നിയോഗിക്കുക.
3. ലീഗൽ സെൽ കാര്യക്ഷമമാക്കുക
4. 'ഡയസ്പോറ' (Diaspora)യ്ക്കായി പ്രത്യേക ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കുക.
5. ജന സമ്പർക്ക പരിപാടികൾ ഉണ്ടാക്കുക
6. സഭയുടെ കണക്കുകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുക.

.

The Malankara
ORTHODOX SYRIAN CHURCH

11
ഡിജിറ്റൽ സഭ

1) എല്ലാ സഭാംഗങ്ങളുടെയും വിവര ശേഖരണം
2) സഭാ വക വസ്തുക്കളുടെ വിവര ശേഖരണം
3) പ്രവാസികളുടെ വിവര ശേഖരണം
4) ഡിജിറ്റൽ സാക്ഷരതയെക്കുറിച്ചുള്ള ബോധവത്ക്കരണം
5) അത്മായ പങ്കാളിത്തം
6) വീഡിയോ കോൺഫറൻസിംഗ് സംവിധാനങ്ങൾ

12

ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള സാമ്പത്തിക നേതൃത്വം

1. മിഷൻ 2052നായി പ്രത്യേക തുക കണ്ടെത്തുക.
2. ഫിനാൻഷ്യൽ അഡ്വൈസറുടെ നിയമനം.
3. സുതാര്യത ഉറപ്പാക്കുക
4. ഇന്റേർണൽ ഓഡിറ്റിംഗ് സിസ്റ്റം കാര്യക്ഷമമാക്കുക
5. സഭയ്ക്കു ലഭിക്കുവാനുള്ള കുടിശ്ശികകളും ലോണുകളും എത്രയും വേഗം തിരികെ സമാഹരിക്കുക.
6. വിമർശനങ്ങളുടെ ആത്മാവിനെ കാര്യക്ഷമമായി ഉൾക്കൊുകൊുള്ള പ്രവർത്തന ശൈലി.

The Malankara
ORTHODOX SYRIAN CHURCH

തുടർ നടപടികൾ......

1. വർക്കിംഗ് കമ്മറ്റികൾ തയ്യാർ ചെയ്ത മാർഗ്ഗ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മറ്റി അംഗീകരിക്കേണ്ടത്
2. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരം തേടേണ്ടത്
3. എല്ലാ കമ്മറ്റികൾക്കും അതിന്റേതായ നിയമാവലികൾ ഉണ്ടാവേണ്ടത്
4. എല്ലാ കമ്മറ്റികളെയും പറ്റിയുള്ള വ്യക്തമായ റിപ്പോർട്ടുകൾ ഉണ്ടാവേണ്ടത്
5. എല്ലാ റിപ്പോർട്ടുകളും കൺസോളിഡേറ്റ് ചെയ്ത് അംഗീകാരം വാങ്ങേണ്ടത്
6. അംഗീകരിക്കപ്പെട്ട പദ്ധതികൾ പ്രവർത്തിപഥത്തിൽ എത്തുവാനുള്ള കമ്മറ്റികളും അവയുടെ വിശകലനങ്ങളും, മോണിറ്ററിംഗും.

The Malankara
ORTHODOX SYRIAN CHURCH